മാധ്യമം

25 May 2017




അമിതവണ്ണം കുറക്കാൻ സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച ഉൽപന്നം വിപണിയിലിറക്കുന്നതിനുള്ള അനുമതിപത്രം ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വി.എൽ.സി.സി. ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹുജക്ക് കൈമാറുന്നു

# അമിതവണ്ണത്തിന് കടൽപായലിൽനിന്ന് ഔഷധം; സി.എം.എഫ്.ആർ.ഐ ഉൽപന്നം വിപണിയിലേക്ക്

**കൊച്ചി:** അമിതവണ്ണവും കൊളസ്ട്രോളും കുറക്കാൻ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വികസിപ്പിച്ച ഔഷധം വിപണിയിലേക്ക്. കടൽപായലിൽനിന്ന് വികസിപ്പിച്ച ഔഷധം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കാൻ ആരോഗ്യരക്ഷാ ഉൽപന്ന നിർമാതാക്കളായ വി.എൽ.സി.സി ഗ്രൂപ്പുമായി കരാർ ഒപ്പിട്ടു. സി.എം.എഫ്.ആർ.ഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപന്നം നിർമിക്കാനുള്ള ലൈസൻസാണ് ഗ്രൂപ്പിന് കൈമാറിയത്.

കടൽപായലിൽനിന്ന് ബയോആക്ടിവ് സംയുക്തങ്ങൾ വേർതിരിച്ചാണ് സി.എം.എഫ്.ആർ.ഐ അമിതവണ്ണവും കൊളസ്ട്രോളും കുറക്കാനുള്ള ഉൽപന്നം വികസിപ്പിച്ചത്. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമാണം. 400 മില്ലിഗ്രാം അളവിലുള്ള കാപ്സ്യൂളുകളായാണ് ലഭ്യമാകുക. ഉൽപന്നത്തിന് പാർശ്വഫലങ്ങളില്ലെന്ന് പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതായി സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. സസ്യാഹാരപ്രേമികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ സസ്യജന്യ കാപ്സ്യൂളുകളാണ് ആവരണമായി ഉപയോഗിച്ചിട്ടുള്ളത്.

സി.എം.എഫ്.ആർ.ഐയിലെ മറൈൻ ബയോടെക്നോളജി വിഭാഗത്തിലെ ഡോ. കാജൽ ചക്രവർത്തിയാണ് ഉൽപന്നം വികസിപ്പിച്ചത്.

കടലിൽനിന്ന് സി.എം.എഫ്.ആർ.ഐ വികസിപ്പിക്കുന്ന നാലാമത്തെ ഔഷധമാണിത്. നേരത്തേ പ്രമേഹത്തിനും സന്ധിവേദനക്കും ഉൽപന്നങ്ങൾ വികസിപ്പിച്ചിരുന്നു. കടൽപായലിൽനിന്ന് തൈറോയിഡിനുൾപ്പെടെ കൂടുതൽ ആരോഗ്യരക്ഷാ ഉൽപന്നങ്ങൾ നിർമിക്കാൻ പദ്ധതിയുണ്ട്.

സാങ്കേതികവിദ്യ കൈമാറുന്ന കരാർപത്രത്തിൽ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വി.എൽ.സി.സി ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹുജ, വൈസ്പ്രസിഡൻറ് ഡോ. എ.എച്ച്. സൈദി എന്നിവർ ഒപ്പുവെച്ചു.

സി. എം. എഫ്. ആർ. ഐയിലെ ഗവേഷണ വിഭാഗം മേധാവികളായ ഡോ. പി. വിജയഗോപാൽ, ഡോ.കെ. സുനിൽ മുഹമ്മദ്, ഡോ.ആർ. നാരായണകുമാർ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. പി.യു. സക്കറിയ, ഡോ.വി. കൃപ, ഡോ. കെ.കെ. ജോഷി, ഡോ. ജി. മഹേശ്വരുഡു, ചീഫ് ഫിനാൻസ് ഓഫിസർ എ.വി. ജോസഫ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.